## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3081** 15/02/2013 ൽ മറുപടിയ്ക്ക്

## ചേർത്തല താലൂക്കിൽ റീസർവ്വെ നടപടികളുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല താലൂക്കിൽ റീസർവ്വെ നടപടികൾ പൂർത്തിയാവുകയും റിസർവ്വേ ഇംപ്ലിമെന്റ് ചെയ്യുകയും ചെയ്ത എത്ര വില്ലേജുകൾ ഉണ്ടെന്ന് പറയാമോ; പ്രസ്തുത വില്ലേജുകളിൽ റിസർവ്വെ നടപടികൾ മൂലം രേഖകളിൽ മാറ്റം വന്നതിനാൽ പ്രസ്തുത തെറ്റുകൾ തിരുത്തിക്കിട്ടുന്നതിനു വേണ്ടി മാത്രം എത്ര അപേക്ഷകൾ 2012 ഡിസംബർ വരെയുള്ള കാലയളവിൽ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കി യെന്നും പറയാമോ; ഇത്തരം കേസുകളിൽ തീർപ്പാക്കാത്തവ എന്തു കൊണ്ടാണ് ഇനി യും തീർപ്പാക്കാത്തത് എന്നും പറയാമോ; തീർപ്പായ കേസുകളെല്ലാം മുൻഗണനാ ക്രമം പാലിക്കപ്പെട്ട് തന്നെയാണോ തീർപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) ചേർത്തല താലൂക്കിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ അഞ്ച് വില്ലേജുകളാണുള്ളത്.<br>2012 ഡിസംബർ വരെ ടി താലൂക്കിൽ 7066 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 1988 അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്.<br>എൽ.ആർ. എം. ൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തിര പ്രധാന്യത്തോടെ ചെയ്യ്ത തീർക്കേണ്ട സർക്കാർ സ്പെഷ്യൽ ജോലികളായ എൻ.എച്ച്. ന്റെയും റെയിൽവേയുടെയും സ്ഥല മെടുപ്പുമായി ബന്ധപ്പെട്ട ജോലിയ്ക്ക് നിയോഗിക്കേണ്ടി വന്നതിനാലാണ് ഇത്രയും അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നത്.<br>സ്പെഷ്യൽ ഓർഡർ പ്രകാരമുള്ള അപേക്ഷകൾ ഒഴികെ എല്ലാ അപേക്ഷകളും മുൻഗണനാക്രമം പാലിച്ച് തന്നെയാണ് തീർപ്പാക്കിയിട്ടുള്ളത്. |
| (ബി) വസ്തു ഉടമകളും വസ്തു സംബന്ധമായ പ്രമാണങ്ങളും, പട്ടയങ്ങളും ബന്ധപ്പെട്ട റവന്യൂ-റീസർവ്വെ ഉദ്യോഗസ്ഥരും മാത്രം കൂടിയാലോചിച്ചാൽ പരിഹരിക്കാവുന്ന പല കേസുകളും വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നതിനാൽ നിർദ്ധനരായ ഒട്ടേറെപ്പേരുടെ മക്കളുടെ വിദ്യാഭ്യാസം , വിവാഹം എന്നിവ പോലെ ഒട്ടേറെ പ്രധാന കാര്യങ്ങൾ മുടങ്ങുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സമയബന്ധിതമായ നടപടി ഉണ്ടാകുമോ ? | (ബി) ഇല്ല. മക്കളുടെ വിദ്യാഭ്യാസം, വിവാഹം പോലെ പ്രധാന ആവശ്യങ്ങൾ ഉള്ളവർക്ക് അടിയന്തിര പരിഹാരം കൈക്കൊണ്ട് നടപടി പൂർത്തിയാക്കുന്നുണ്ട്.<br>31/05/2010 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്സ്) നമ്പർ 200/10/റവന്യൂ ഉത്തരവനുസരിച്ച് നിലവിൽ റവന്യൂ വകുപ്പ് മുഖേന പരാതികൾ പരിഹരിച്ചു വരുന്നുണ്ട്. പരാതികളുടെ എണ്ണത്തിനനുസൃതമായി ജീവനക്കാരെ നിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ